# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2017 APRIL | Volume: 7 | No: 10


# LENT IS AN OPPORTUNITY TO DRAW NEAR TO CHRIST: POPE

"Perhaps we have not yet encountered Jesus personally," Pope Francis said in his Angelus address on Sunday. "Perhaps we have not recognized Him as our Saviour."

The Holy Father was commenting on the day's Gospel, which relates the "dialogue" between Jesus and the Samaritan woman at the well. Because of the great respect Jesus shows her — despite her being a Samaritan, and despite her disordered life — she is open to the words of Christ, when He speaks to her about the true faith. She recognizes Him as a prophet, and intuits that He could be the Messiah, and Jesus tells her plainly that He is, in fact, the Messiah — something that happens very rarely in the Gospels, the Pope said.

"Dear brothers," Pope Francis continued, "the water that gives eternal life was poured out in our hearts on the day of our Baptism;" on that day, "God transformed us and filled us with His grace." However, the Pope said, we sometimes forget about the grace of our Baptism, or treat it merely as a piece of biographical data. When that happens we go looking for "wells" filled with water that cannot quench our thirst. "And so this Gospel is for us!" the Pope said, "not just for the Samaritan woman."



Lent, he said, is a good opportunity for us "to draw near" to Jesus, "to encounter Him in prayer in a heart-to-heart dialogue… to see His face in the face of a brother or a sister who is suffering." In this way, the Pope said, "we can renew within ourselves the grace of Baptism, quenching our thirst at the font of the Word of God and of the Holy Spirit; and thereby discovering, too, the joy of becoming artisans of reconciliation and instruments of peace in our daily lives."

Source: http://en.radiovaticana.va/

## ജീവന്റെ സംരക്ഷണം എല്ലാ ദൈവവിശ്വാസികളുടെയും ഉത്തരവാദിത്വം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കൊച്ചി: ജീവന്റെ സംരക്ഷണം സഭയെയും ക്രൈസ്തവരെയും ദൈവവിശ്വാസികളെയും എല്ലാ മനുഷ്യസ്നേഹികളെയും സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണെന്ന് സീറോ മലബാർ സഭാധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി. പ്രോലൈഫ് ദിനത്തോടനുബന്ധിച്ചു നൽകിയ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം അഭിപ്രായപ്പെട്ടത്. ജീവൻ ദൈവത്തിൽ നിന്നാണ് വരുന്നതെന്നും ദൈവത്തിൽതന്നെ അത് ചെന്ന് പരിപൂർണ്ണമായ ലക്ഷ്യം സാധിക്കണമെന്നും കർദിനാൾ പറഞ്ഞു. അതുകൊണ്ട് ജീവന് എതിരായ എല്ലാ വെല്ലുവിളികളെയും വിരുദ്ധ പ്രവർത്തനങ്ങളെയും നിയന്ത്രിച്ച് ജീവന്റെ സംരക്ഷണത്തിന് വേണ്ടിയുള്ള ആഹ്വാനവും സംരക്ഷണവും നാം കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



**ഏവർക്കും ഈസ്റ്റർ ആശംസകൾ**



# ക്രൈസ്തവനും കർഷകനും കണ്ണുതുറക്കട്ടെ

**ഇന്ത്യയിലെ ക്രൈസ്തവസമൂഹവും അദ്ധ്വാനവർഗ്ഗജനവിഭാഗവും കാർഷികമേഖലയും വൻപ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ഭരണനേതൃത്വങ്ങളുടെ നിരന്തരമായ അവഗണനയും, കർഷകനീതിനിഷേധ നിലപാടുകളും, കാർഷിക വിളകളുടെ വിലത്തകർച്ചയും, കർഷകവിരുദ്ധ രാജ്യാന്തര കരാറുകളും, അനിയന്ത്രിതമായ കാർഷികോല്പന്ന ഇറക്കുമതിയുമുയർത്തുന്ന അതിരൂക്ഷമായ സ്ഥിതിവിശേഷം കർഷകരെ ദുഃഖദുരിതത്തിലാഴ്ത്തുന്നുവെങ്കിൽ, രാജ്യത്തുടനീളം മതേതരത്വത്തിനു നേരെ ഉയരുന്ന വർദ്ധിച്ച വെല്ലുവിളികളും വർഗ്ഗീയശക്തികളുടെ ഉയർത്തെഴുന്നേൽപ്പും ക്രൈസ്തവസമൂഹത്തിനു നേരെ ആഞ്ഞടിക്കുവാനൊരുങ്ങുന്നു. ഈ നാടിന്റെ വിദ്യാഭ്യാസ ആരോഗ്യ ആതുരശുശ്രൂഷാ തലങ്ങളിലെ ക്രൈസ്തവ സേവനവും പങ്കാളിത്തവും സംഭാവനകളും സാന്നിധ്യവും അതുല്യമായിരിക്കുമ്പോൾ ഈ നിസ്വാർത്ഥ ശുശ്രൂഷകളെ അപമാനിച്ച് അട്ടിമറിക്കാനുള്ള തീവ്രവാദ ശക്തികളുടെ നിഗൂഢഅജണ്ടകളും അണിയറനീക്കങ്ങളും കടന്നാക്രമങ്ങളും ക്രൈസ്തവ നേതൃത്വങ്ങൾ കാണാതെപോകരുത്.**

കേരളത്തിലെ കർഷകരെല്ലാം ക്രൈസ്തവരല്ല. മതത്തിനും ജാതിക്കും വർണ്ണത്തിനും അതീതമാണ് നമ്മുടെ കാർഷിക മേഖലയും നാം പങ്കുവെയ്ക്കുന്ന കാർഷിക സംസ്കാരവും. എന്നാൽ **സംസ്ഥാനത്തെ ക്രൈസ്തവരിൽ ബഹുഭൂരിപക്ഷവും ജീവനോപാധിയായി ആശ്രയിച്ചിരിക്കുന്നത് കൃഷിയെയാണ്.** ക്രൈസ്തവ കുടുംബങ്ങളിൽ നിന്ന് ജോലിസാധ്യതകൾ തേടിയുള്ള യാത്രകൾ തുടങ്ങിയിട്ട് നാളുകളേറെയായിട്ടില്ല. സഭാസ്ഥാപനങ്ങളിലും സ്വകാര്യ സംരംഭങ്ങളിലും വിദേശരാജ്യങ്ങളിലുമായി തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ ക്രൈസ്തവസമൂഹത്തിലെ പുത്തൻതലമുറ പരമാവധി ശ്രമിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകളിലേയ്ക്കുള്ള അവസരങ്ങൾ പലപ്പോഴും ഇതരവിഭാഗങ്ങൾക്കുള്ള സംവരണങ്ങളിൽ തട്ടി അട്ടമറിക്കപ്പെടുന്നെങ്കിലും കഴിവിന്റെയും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ സർക്കാർ സംവിധാനങ്ങളിലെ ഉന്നതസ്ഥാനങ്ങളിലുൾപ്പെടെ കയറിപ്പറ്റി സ്തുത്യർഹമായ സേവനം ചെയ്യുന്ന ക്രൈസ്തവസമുദായ അംഗങ്ങളുണ്ട്. **ഇവരെല്ലാം കടന്നുവന്ന വഴികൾ കൃഷിയുടെയും പങ്കുവച്ചത് കാർഷിക സംസ്കാരവും ക്രൈസ്തവ പാരമ്പര്യവുമാണ്. ഈ കാർഷിക സംസ്കാരത്തിന്റെ നന്മകളെയും കർഷക കുടുംബങ്ങളിൽ അനുദിനം പങ്കുവെച്ച സ്നേഹത്തിന്റെ ഊഷ്മളതയും ക്രൈസ്തവ പാരമ്പര്യവും പൈതൃകവും തിരിച്ചറിയണമെങ്കിൽ കടന്നുവന്ന വഴികളിലേയ്ക്ക് നമ്മൾ ഇറങ്ങിച്ചെല്ലണം.**

ഇന്നലെകളിൽ പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ കഴിഞ്ഞ കേരളത്തിലെ ആദിമക്രൈസ്തവരായ നസ്രാണിസമൂഹം ഇന്ന് അതിജീവനത്തിനുള്ള പോരാട്ടവുമായി ലോകത്തിന്റെ അതിർത്തികളിലെത്തിയിരിക്കുമ്പോൾ ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്. എ.ഡി.52-ൽ ക്രിസ്തുശിഷ്യനായ വി.തോമ്മാശ്ലീഹായിൽ നിന്ന് ക്രൈസ്തവ വിശ്വാസം ഏറ്റുവാങ്ങിയവർ. നിത്യവൃത്തിക്കായി കൃഷിയെ ശരണംവെച്ചവർ. പാട്ടത്തിനെ



ടുത്ത പണ്ടാരം, ദേവസ്വം വക സ്ഥലങ്ങളിൽ കൃഷിയിറക്കി ഉല്പന്നങ്ങളിൽ നല്ലൊരുപങ്കും തങ്ങളുടെ തമ്പ്രാക്കൾക്ക് കാഴ്ചവെച്ച നസ്രാണികളുടെ കാർഷികചരിത്രം ഇന്നത്തെ തലമുറയ്ക്ക് ഒരുപക്ഷേ അജ്ഞാതമാകും. **കാലങ്ങൾക്കുശേഷം ഈ സമൂഹം പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ നിന്ന് മാറിമാറി നാടുഭരിച്ചവരുടെ നിർദ്ദേശങ്ങളും ഉത്തരവുകളുമായി മലയോരങ്ങ**

ളിലേയ്ക്ക് കുടിയേറി മണ്ണിനെ പൊന്നാക്കി.

ഈ അതിജീവന പോരാട്ടകാലഘട്ടങ്ങളിൽ മലമ്പാമ്പിനോടും മലമ്പനിയോടും മല്ലിട്ട് മരിച്ചുവീണവർ ഏറെ. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനവും തീരാരോഗങ്ങളും അവനെ തളർത്തിയില്ല. കാട്ടാനകളുടെയും കാട്ടുമൃഗങ്ങളുടെയും മുമ്പിൽ മരണത്തിനും ജീവിതത്തിനുമിടയിലുള്ള നൂൽപ്പാലത്തിലൂടെ നടന്നുനീങ്ങിയപ്പോൾ അവന്റെ മുമ്പിൽ ഒരു ചിന്ത മാത്രമേയുണ്ടായിരുന്നുള്ളൂ. എനിക്കും എന്റെ കുടുംബത്തിനും ഈ മണ്ണിൽ ജീവിക്കണം. നിശ്ചയദാർഢ്യത്തിന്റെ ഉരുക്കുകോട്ടയാൽ മനസ്സു പരുവപ്പെട്ടപ്പോൾ നമ്മുടെ പൂർവ്വികർ കഷ്ടപ്പാടുകൾ മറന്നു. നഷ്ടപ്പെടലുകളെ അതിജീവിച്ചു. കൈയ്യിലേന്തിയ മരക്കുരിശിലും, മാറോടുചേർത്തുപിടിച്ച തിരുഹൃദയരൂപത്തിലും എല്ലാം സമർപ്പിച്ച് ജീവിതം നട്ടുവളർത്തിയവരുടെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ചരിത്രം തലമുറകൾ വഴിമാറിയപ്പോൾ ക്രൈസ്തവരും ക്രൈസ്തവരായ കർഷകരും സന്തതിപരമ്പരകളും മറന്നുപോകുന്നു. ആധുനികതയുടെ ചക്രവാളങ്ങൾ കൈയ്യെത്തിപ്പിടിച്ചുകൊണ്ട് ആഗോളതലത്തിൽ പറന്നുയരുമ്പോഴും വാർത്താമാധ്യമങ്ങളുടെ സാങ്കേതികമികവിൽ അഹങ്കാരത്തോടെ പഴമയെ പുച്ഛിച്ചുപുറന്തള്ളുമ്പോഴും നാം തിരിച്ചറിയണം ഇന്നലെകളിലെ ക്രൈസ്തവ കർഷക നന്മകൾ.



ഭൂമിയെ സ്നേഹിച്ച് മണ്ണിനെ കുമ്പിട്ട് അന്നംവിളയിച്ച കർഷകൻ. ആടിനെ തലോടിയും മാടിനെ തഴുകിയും, പട്ടിയും പൂച്ചയും കോഴിയും മാത്രമല്ല വീടിനുചുറ്റും പൂന്തോപ്പുകളും പച്ചക്കറികളും വളർന്നു പടർന്നു പന്തലിച്ച് പുരയും പുരയിടവുമായി വിളകളുടെയും വിളവെടുപ്പിന്റെയും കുളിർമയുള്ള കാർഷിക നൈർമല്യം നമുക്കിന്ന് കൈമോശം വന്നിരിക്കുന്നു. ഇല്ലായ്മയിൽ നിന്നാണെങ്കിൽപോലും മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് കഞ്ഞിവിളമ്പിയുള്ള അത്താഴം സ്നേഹത്തിന്റെ പങ്കുവയ്ക്കലായിരുന്നു. മാതാപിതാക്കളെ സ്നേഹിക്കുന്ന മക്കളും, പ്രഭാതത്തിലും പ്രദോഷത്തിലും മക്കളെ മുന്നിലിരുത്തി പ്രാർത്ഥിക്കുന്ന മാതാപിതാക്കളും നമ്മുടെ കുടുംബങ്ങളിൽ നിന്നു മൺമറഞ്ഞുപോയതിന്റെ ദുരന്തഫലങ്ങൾ ഇന്ന് ക്രൈസ്തവസഭയും കർഷസമൂഹവും നേരിടുകയാണ്.

ആധുനികതയുടെ വിളറിപിടിച്ച നെട്ടോട്ടത്തിൽ മൂല്യങ്ങളും തലമുറകളായി കാത്തുസൂക്ഷിച്ച നന്മകളുടെ സംസ്കാരവും തകർന്നടിയുമ്പോൾ സഭാമക്കൾക്ക് താങ്ങും തണലും സംരക്ഷണവും പ്രതീക്ഷകളുമേകാൻ ക്രൈസ്തവ നേതൃത്വവും പരാജയപ്പെട്ടിരിക്കുന്നു. സഭാസമൂഹത്തെയും അവരുടെ ജീവിതപ്രശ്നങ്ങളേയും മറന്ന് വൻകിട സ്ഥാപനങ്ങളിലേയ്ക്കും അവയുടെ സംരക്ഷണത്തിലേയ്ക്കും മാത്രമായി ഉത്തരവാദിത്വപ്പെട്ട സഭാനേതൃത്വങ്ങളും വിശ്വാസിസമൂഹം പ്രതീക്ഷയർപ്പിച്ചവരും ശ്രദ്ധതിരിക്കുമ്പോൾ അനാഥരായി പ്രതിസന്ധിയിലായിരിക്കുന്നത് ആത്മീയതയും പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിച്ച സമുദായ സന്താനങ്ങളാണ്. ഇവരിൽ നല്ലൊരുശതമാനവും കർഷകരുമാണ്.

കേരളത്തിലെ കർഷകരുടെയും ക്രൈസ്തവരുടെയും പക്ഷത്തുനിന്ന് "ലെയ്റ്റി വോയ്സ്" വീണ്ടും ആവർത്തിക്കട്ടെ, കഴിഞ്ഞ നാലഞ്ചുവർഷക്കാലമായി കാർഷികമേഖല നേരിടുന്ന വെല്ലുവിളികൾ അതിഭീകരമാണ്. വിലത്തകർച്ചയിൽ ഒരടിപോലും മുന്നോട്ടുനീങ്ങാനാവാതെ മണ്ണിന്റെ മക്കളുടെ ജീവിതം വഴിമുട്ടിനിൽക്കുന്നു. ചിലർക്കെങ്കിലും ഇതര വരുമാനമാർഗ്ഗങ്ങൾ കുടുംബത്തിലുള്ളതുകൊണ്ട് ഒരുപക്ഷേ ജീവിതം കൂട്ടിമുട്ടിക്കാനാവും. എന്നാൽ കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്നവന്റെ ഗതികെട്ട അവസ്ഥയെക്കുറിച്ച് ആഴത്തിലിറങ്ങിച്ചെന്നു പഠിക്കുവാനോ ഇടപെടലുകൾ നടത്തുവാനോ അധികാരകേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തുവാനോ ക്രൈസ്തവസമുദായ നേതൃത്വം എത്രമാത്രം ശ്രമിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെട്ടാൽ ഫലം നിരാശയാണ്. ഇൻഫാം പോലുള്ള കർഷകപ്രസ്ഥാനങ്ങൾ കാർഷികമേഖലയിലെ വിവിധ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുമ്പോഴും അവരുടെ സംഘടനാകാര്യം എന്നുപറഞ്ഞ് മുഖംതിരിഞ്ഞുനിൽക്കുന്ന മനോഭാവം ഇനിയെങ്കിലും സമുദായ നേതൃത്വം തിരുത്തേണ്ടിയിരിക്കുന്നു.

കേരളത്തിലെ കർഷകപാർട്ടികളേയും ഇവിടെ ഓർമ്മിക്കാതെ നിവൃത്തിയില്ല. കർഷകരുടെ സംരക്ഷണം കുത്തക അവകാശംപോലെ ഏറ്റെടുത്ത് 1965-ൽ രൂപംകൊണ്ട രാഷ്ട്രീയ പാർട്ടിയാണ് കേരള കോൺഗ്രസ്. കർഷകന്റെ പാർട്ടിയെന്നും ക്രൈസ്തവന്റെ പാർട്ടിയെന്നും കാലാകാലങ്ങളായി വിമർശകർ പറയുമ്പോഴും ഇതുരണ്ടുമാണ് കേരള കോൺഗ്രസെന്നുള്ളത് പരമസത്യമാണ്. ഒരു കാലത്ത് മധ്യ തിരുവിതാംകൂറിലെയും മലയോരങ്ങളിലെയും മണ്ണിന്റെ മക്കളുടെയും ക്രൈസ്തവ ജനതയുടെയും ജീവശ്വാസമായിരുന്ന ഈ രാഷ്ട്രീയ പ്രസ്ഥാനം കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകൾക്കുള്ളിൽ കർഷകർക്കും ക്രൈസ്തവർക്കും ഇവർ എന്തുനേടിത്തന്നുവെന്ന് വീണ്ടും ചോദിച്ച് ഞങ്ങൾ ആരെയും വേദനിപ്പിക്കുന്നില്ല. പക്ഷേ ഒന്നറിയാം അധികാരത്തിൽ ആണിയടിച്ചതുപോലെയിരുന്ന നാളുകളിൽ കർഷകജനതയെ സംഘടിതശക്തിയാക്കി മാറ്റിയുള്ള കർഷകമുന്നേറ്റത്തിൽ ഇവരും പരാജയപ്പെട്ടു. ഗ്രൂപ്പുകളും ചെറുപാർട്ടികളുമായി വിഘടിച്ച് വഴിയോരക്കച്ചവടക്കാർക്കും വഴിയാത്രക്കാർക്കും കൊട്ടാവുന്ന ചെണ്ടയായി കഷണങ്ങളായിമാറിയില്ലേ ഇക്കൂട്ടർ. ഇവരുടെ നടപടികളൊന്നും കർഷകരുടെ നന്മയ്ക്കോ ജനങ്ങളുടെ സേവനത്തിനോ ഉപകരിച്ചില്ലെന്നുള്ള പരമാർത്ഥം യഥാർത്ഥ കർഷകനും ഒട്ടനേകം ക്രൈസ്തവർക്കുമറിയാം. കാലാന്തരത്തിൽ വിഘടിച്ചും തമ്മിലടിച്ചും തകർന്നടിഞ്ഞതല്ലാതെ നാം എന്തുനേടിയെന്ന് വൈകിയ വേളയിലെങ്കിലും ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. തകർച്ചയുടെ നടുക്കടലിൽക്കിടന്ന് കൈകാലിട്ടടിക്കുമ്പോഴെങ്കിലും പരസ്പരം മറന്നും ക്ഷമിച്ചും വിട്ടുവീഴ്ചകളിലൂടെ അനുരഞ്ജനത്തിന്റെയും പരസ്പരസഹകരണത്തിന്റെയും വാതായനങ്ങൾ തുറക്കപ്പെടേണ്ടതല്ലേ? ഇവിടെയാണ് ക്രൈസ്തവ സമുദായ നേതൃത്വങ്ങളുടെയും കണ്ണുതുറക്കേണ്ടത്.



→

നാടുഭരിക്കുന്നവരെ ആദരവോടെയും ബഹുമാനത്തോടെയും കാണുകയെന്നത് യഥാർത്ഥ പൗരന്റെ കടമയും ഉത്തരവാദിത്വവുമാണ്. എന്നുകരുതി അന്തസ്സും അഭിമാനവും ആദർശവും അവർക്കായി അടിയറവ് വയ്ക്കേണ്ടതില്ല. സഭയും സമുദായവും പരസ്പര പൂരകങ്ങളാണ്. സഭയ്ക്കേൽക്കുന്ന ഓരോ ആഘാതങ്ങളും അധിക്ഷേപങ്ങളും ചെന്നുകൊണ്ട് ചങ്ക് തകർക്കപ്പെടുന്നത് വിശ്വാസിസമൂഹമുൾക്കൊള്ളുന്ന സമുദായത്തിന്റെയാണ്. **രാഷ്ട്രീയ സാമൂഹിക കാർഷിക മണ്ഡലങ്ങളിലെ സഭാമക്കളുടെ പ്രവർത്തനങ്ങൾക്ക് ഊടും പാവും ശക്തിയും മാർഗ്ഗനിർദ്ദേശവും നൽകേണ്ടത് സഭാനേതൃത്വത്തിന്റെ കടമയും ഉത്തരവാദിത്വവുമാണ്. ആരാധനക്രമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും വ്യത്യസ്ഥത പുലർത്തുമ്പോഴും പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിക്കുമ്പോഴും വിഘടിച്ചുനിൽക്കാതെ ഒരുമയുടെയും സ്നേഹത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും വേദികളൊരുക്കുവാൻ ഭാരതത്തിലെയും കേരളത്തിലെയും ക്രൈസ്തവസഭകൾക്കാകണം.**

**ക്രൈസ്തവജനതയുടെ കൂട്ടായ്മയും ഒരുമയും ബന്ധങ്ങളും ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനും അതേസമയം മതേതരത്വത്തിന്റെയും മതനിരപേക്ഷതയുടെയും വിശാലമായ കാഴ്ചപ്പാടുകൾ വിളിച്ചറിയിക്കുവാനും ക്രൈസ്തവ നേതൃത്വത്തിനാകുന്നില്ലെങ്കിൽ ഇന്ത്യയിലുടനീളം ആഞ്ഞടിച്ചുകൊണ്ടിരക്കുന്ന മതതീവ്രവാദ വർഗ്ഗീയ വിഷക്കാറ്റിൽ ക്രൈസ്തവമക്കൾ മരിച്ചുവീണ് ചരിത്രത്തിന്റെ ഭാഗമാകും.**

**ക്രൈസ്തവസമുദായവും കർഷകപാർട്ടികളും കർഷക പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായിട്ടുള്ള ഒരു മുന്നേറ്റം അടിയന്തരമാണ്. നാടിന്റെ നട്ടെല്ലായ കർഷകനെ നിലനിർത്തി കാർഷികമേഖലയെ സംരക്ഷിക്കുകയും അദ്ധ്വാനവർഗ്ഗ ജനവിഭാഗത്തിനുവേണ്ടി ശക്തമായി പോരാടുകയും ചെയ്യേണ്ടത് കർഷക രാഷ്ട്രീയ പാർട്ടികളുടെയും, കാർഷികമേഖലയിലുള്ള ജനകീയ പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും കടമയും ഉത്തരവാദിത്വവുമാണ്.** കാർഷികമേഖലയുടെ ഉയർത്തെഴുന്നേൽപ്പിനും കർഷകരുടെ രക്ഷയ്ക്കുമായി സംഘടിച്ചുള്ള പോരാട്ടത്തിന്റെ സമയമാണിത്.

വോട്ടുചെയ്യാനുള്ള ഉപകരണവും അധികാരത്തിലേറുവാനുള്ള ഏണിപ്പടികളും മാത്രമായി കർഷകരെ കാണുന്ന രാഷ്ട്രീയ സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകണം. അദ്ധ്വാനവർഗ്ഗ ജനസമൂഹത്തിനുവേണ്ടി ശക്തമായി നിലകൊള്ളുകയും നിരന്തരം പോരാടുകയും ചെയ്യുന്ന നിസ്വാർത്ഥവും സംഘടിതവുമായ കൂട്ടായ നേതൃത്വത്തിന്റെ അഭാവമിന്ന് കർഷകരിൽ കടുത്ത നിരാശയുളവാക്കുന്നു. പരസ്പരം പോരടിച്ചും വിഘടിച്ചുനിന്നുമുള്ള പ്രക്ഷോഭങ്ങൾക്ക് കർഷകർക്കായി ഒന്നും നേടിയെടുക്കാനാവില്ലെന്നുള്ള വേദനനിറഞ്ഞതും കരുത്തുചോർന്നതുമായ അനുഭവങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്.


**ഇന്നലെകളിലെ തിക്താനുഭവങ്ങളിൽ നിന്നും പാഠം പഠിച്ച് തിരുത്തലുകൾക്ക് തയ്യാറാകുന്നില്ലെങ്കിൽ ഈ മണ്ണിൽ നമ്മെ നോക്കിയിരിക്കുന്നത് അന്ധകാരവും അഗാധഗർത്തവുമാണെന്ന് ക്രൈസ്തവനും കർഷകനും തിരിച്ചറിയണം.** ആഗോളവത്കരണത്തിന്റെയും ആസിയാൻ കരാറുകളുടെയും പ്രത്യാഘാതങ്ങൾ കാർഷികമേഖലയെ വലിഞ്ഞുമുറുക്കുമ്പോൾ അനിയന്ത്രിതമായ കാർഷികോല്പന്ന ഇറക്കുമതിയിലൂടെ ആഭ്യന്തരവിപണിയിൽ ഉല്പന്നങ്ങളുടെ വിലയിടിഞ്ഞ് ക്രൈസ്തവരുടേതുൾപ്പെടെ കർഷകരുടെ ജീവിതം വഴിമുട്ടുമ്പോൾ കൈത്താങ്ങാകുവാൻ ക്രൈസ്തവസഭാസമുദായ നേതൃത്വങ്ങൾക്കും കർഷക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമാകണം. **പതിറ്റാണ്ടുകൾ കേന്ദ്രംഭരിച്ച കോൺഗ്രസ്നേതൃത്വം കർഷകനെ വിദേശശക്തികൾക്ക് വിലപേശി വിറ്റചരിത്രം ലെയ്റ്റി വോയ്സ് പലതവണ പറഞ്ഞതാണ്. ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ ഒന്നടങ്കം ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിനായി തീറെഴുതിയതും വിദ്യാഭ്യാസ അവകാശങ്ങൾക്കു കൂച്ചുവിലങ്ങിട്ടതും ദളിത് ക്രൈസ്തവന് നീതി നിഷേധിച്ചതും ആറുപതിറ്റാണ്ട് രാജ്യംഭരിച്ച കോൺഗ്രസാണന്നുള്ളത് ക്രൈസ്തവർ മറക്കരുത്.** വർഗ്ഗീയതയുടെ വിഷവിത്തുകൾ രാജ്യത്തുടനീളം പൊട്ടിമുളയ്ക്കുമ്പോൾ നാളെ നാം നേരിടാനിരിക്കുന്ന വൻവെല്ലുവിളിയെ നിസ്സാരവൽക്കരിച്ചു കാണരുത്. **ക്രൈസ്തവരുടെയും കർഷകപാർട്ടികളുടെയും കർഷക പ്രസ്ഥാനങ്ങളുടെയും കണ്ണുതുറന്നില്ലെങ്കിൽ നാളത്തെ നമ്മുടെ പ്രഭാതം ഇരുണ്ടതാകും. ഈ അന്ധകാരത്തിൽ ഒരല്പം വെളിച്ചംവിതറുവാൻ ഈ കുറിപ്പുകൾക്കാകട്ടെ.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

# ഗാഡ്ഗിൽ റിപ്പോർട്ടിന്റെയും കണികാപരീക്ഷണത്തിന്റെയും പിന്നിൽ രാജ്യാന്തരഗൂഢാലോചന

കോട്ടയം: കേരള തമിഴ്നാട് അതിർത്തിയിലെ തേനിക്കടുത്ത് പൊട്ടിപ്പുറത്ത് നിർമ്മിക്കുന്ന കണികാപരീക്ഷണശാലയ്ക്കുള്ള പരിസ്ഥിതി അനുമതി ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയിരിക്കുമ്പോൾ ഈ പദ്ധതിക്കായി പരിസ്ഥിതി ആഘാതപഠനം നടത്തിയ സലിം അലി സെന്ററിന്റെ രാജ്യാന്തര ബന്ധങ്ങളും, സാമ്പത്തിക സ്രോതസ്സുകളും, ഗാഡ്ഗിൽ സമിതി റിപ്പോർട്ട് രൂപീകരണത്തിലുള്ള ഇടപെടലുകളും കേന്ദ്രസർക്കാർ അന്വേഷണവിധേയമാക്കണമെന്ന് ഇൻഫാം ദേശീയ സമിതി ആവശ്യപ്പെട്ടു.

കേരളത്തിലെ 40 താലൂക്കുകൾ ഉൾപ്പെടെ പശ്ചിമഘട്ടത്തെ വിവിധ താലൂക്കുകൾ പരിസ്ഥിതിലോലമാക്കുവാൻ നിർദ്ദേശിച്ച ഗാഡ്ഗിൽ സമിതി റിപ്പോർട്ടിന്റെ പിന്നിൽ പ്രവർത്തിച്ചവരിൽ സലിം അലി സെന്ററും ഉൾപ്പെടുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിൽ 22 ഭാഗങ്ങളിൽ സാക്കോണിന്റെ പങ്കാളിത്തം വിവരിക്കുന്നുണ്ട്. ഇവർ കണികാപരീക്ഷണത്തിനായി നടത്തിയ പരിസ്ഥിതി ആഘാതപഠനം കേന്ദ്രസർക്കാർ അംഗീകരിച്ചതിന്റെ പിന്നിലുള്ള വൻ ഗൂഢാലോചന ഹരിത ട്രൈബ്യൂണൽ വിധിയിലൂടെ മറനീക്കി പുറത്തുവന്നിരിക്കുയാണ്. സലിംഅലി സെന്ററിന് പരിസ്ഥിതി ആഘാതപഠനം നടത്തി റിപ്പോർട്ടുനൽകുവാൻ യോഗ്യതയില്ലെന്നുള്ള ട്രൈബ്യൂണൽ വിധിയെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു. പശ്ചിമഘട്ടസംരക്ഷണത്തിനായി ഗാഡ്ഗിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ യുപിഎ സർക്കാർ തിരക്കിട്ട് ശ്രമിച്ച കാലയളവിൽത്തന്നെയാണ് പശ്ചിമഘട്ടത്തിന്റെ പാറതുരന്ന് കണികാപരീക്ഷണത്തിനുള്ള കരാർ നടപ്പിലാക്കിയതെന്നുള്ളതും കൂട്ടിവായിക്കേണ്ടതാണ്.





**നാലാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന പ്രബോധനരേഖ.**

# ഒന്നായി മുന്നോട്ട്

## അജപാലന പ്രബോധനം

കഴിഞ്ഞ ലക്കം തുടർച്ച...

ദൈവജനത്തിന് ഒന്നിച്ചുകൂടി ദൈവത്തെ ആരാധിക്കുവാനും കൂട്ടായ്മയിൽ വളരുവാനും ഉപകരിക്കുന്ന നിർമ്മിതികളാണ് നമുക്കുണ്ടാകേണ്ടത്. ചില ചരിത്രപ്രധാനമായ സ്ഥലങ്ങളിലോ, തീർത്ഥാടനകേന്ദ്രങ്ങളിലോ, ദീർഘകാലം നിലനിൽക്കുന്ന സ്മാരകങ്ങൾ നിർമ്മിക്കുക ആവശ്യകമായിരിക്കും. ഇത്തരം ദൈവാലയങ്ങളുടെ കലാപരമായ സൗഷ്ഠവം നിലനിർത്തേണ്ടതുണ്ടെങ്കിലും അവിടെയും ധനത്തിന്റെ ദുരുപയോഗം സംഭവിക്കാനിടയാകരുത്. ദൈവാലയങ്ങളോ സ്മാരകമന്ദിരങ്ങളോ സഭാസമൂഹത്തിന്റെ പ്രൊഡ്ഡി പ്രകടിപ്പിക്കാനുള്ളവയല്ല. അത്തരം ചിന്തകൾക്കടിമപ്പെട്ടാണ് ദൈവാലയത്തിനുള്ളിൽ ജനങ്ങൾക്ക് സമ്മേളിക്കുന്നതിനും ആരാധനയ്ക്കുപകരിക്കുന്നതിനും യോജിച്ച സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനുപകരം ബാഹ്യമോടിക്ക് അമിത പ്രാധാന്യം നൽകി വൻ ഗോപുരങ്ങളും എടുപ്പുകളും നിർമ്മിക്കുന്നത്. ബാബേൽ ഗോപുരം പണിത പഴയനിയമജനതയുടെ ചിന്തയും വ്യത്യസ്ഥമായിരുന്നില്ല. സഭയുടെ എല്ലാ നിർമ്മാണപ്രവർത്തനങ്ങളിലും സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും സഹായകമായ നിർമ്മിതികളായിരിക്കണം നാം ലക്ഷ്യംവെയ്ക്കേണ്ടത്. കൂടുതൽ വരുമാനമുള്ള ഇടവകകളും സ്ഥാപനങ്ങളും തങ്ങളുടെ സമ്പാദ്യത്തിൽ നിന്ന് മിഷൻപ്രദേശങ്ങളിൽ ആരാധനയുടെയോ, വിദ്യാഭ്യാസത്തിന്റെയോ, ആരോഗ്യസംരക്ഷണത്തിന്റെയോ ആവശ്യങ്ങൾ നിർവഹിക്കാൻ സാധിക്കാതെ ഉഴലുന്ന സഹോദരങ്ങൾക്ക് സഹായമെത്തിക്കാനാണ് ശ്രദ്ധിക്കേണ്ടത്. മിഷൻകേന്ദ്രങ്ങളെ ദത്തെടുത്തു വളർത്തുവാൻ മാതൃസഭയിലെ ഇടവകകളും പ്രസ്ഥാനങ്ങളും മുന്നോട്ടുവരേണ്ടതാണ്.

വർഷങ്ങൾക്കുമുമ്പ് ചുരുക്കം ചില ദൈവാലയങ്ങളിൽ മാത്രമാണ് പല നാളുകൾ നീണ്ടുനിന്ന തിരുനാളാഘോഷങ്ങൾ നടന്നിരുന്നത്. അത്തരം ദൈവാലയങ്ങളിൽമാത്രം ദീർഘമായ പ്രദക്ഷിണങ്ങളും കരിമരുന്നു കലാപ്രകടനങ്ങളും ഉണ്ടായിരുന്നു. പിന്നീട് അത് ക്രമേണ എല്ലാ ദൈവാലയങ്ങളിലേയ്ക്കുമായി വ്യാപിച്ചു. വെടിക്കെട്ടും വാദ്യഘോഷങ്ങളും എല്ലായിടത്തും പതിവായി. വെടിക്കെട്ട് കാണികളുടെ ജീവൻതന്നെ അപഹരിച്ചുതുടങ്ങി. അടുത്തകാലത്ത് ചില ദൈവാലയങ്ങളിൽ വെടിക്കെട്ട് നിർത്തലാക്കിയതും പകരം കാരുണ്യപ്രവർത്തനങ്ങൾക്കായി പണം നീക്കിവെച്ചതും മാതൃകയായി ഏവരും സ്വീകരിച്ചിരുന്നുവെങ്കിൽ! പ്രദക്ഷിണങ്ങൾ പലയിടത്തും വാഹനഗതാഗതത്തെയും ബാധിക്കുവാൻ തുടങ്ങി. പള്ളിപ്പരിസരങ്ങൾ തിരുനാളാഘോഷങ്ങളിൽ കച്ചവടസ്ഥലമായി. തിരുനാളുകളുടെ ആദ്ധ്യാത്മിക സ്വഭാവത്തിന് മാന്ദ്യം സംഭവിച്ചു. തിരുനാളാഘോഷങ്ങൾ പരിസ്ഥിതിയെയും പ്രതികൂലമായി ബാധിച്ചു. തിരുനാളാഘോഷങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളിലേയ്ക്ക് തിരിച്ചുവരുവാൻ സഭാശുശ്രൂഷകർ വിശേഷിച്ചും ഇടവകവികാരിമാർ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അഭിവന്ദ്യ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കായി തിരുനാളിനെക്കുറിച്ച് എഴുതിയ ഒരു ഇടയലേഖനത്തിൽ പറയുന്ന വാക്കുകൾ ഇവിടെ പ്രസക്തമാണ്: *അതിരുകടന്ന നിർബന്ധപ്പിരിവും അമിതമായ പണച്ചെലവും അനാവശ്യമായ ആർഭാടങ്ങളും പ്രോത്സാഹിപ്പിക്കേണ്ട കാര്യങ്ങളല്ല. ഈ പ്രവണതകൾ പരസ്പരസ്നേഹവും ഐക്യവും വളർത്തുന്നതിനു പകരം അവ നഷ്ടമാക്കാൻ മാത്രമേ ഉപകരിക്കൂ* (എറണാകുളം മിസ്സം, ജൂലൈ 2003).

**അടുത്തകാലത്ത് ചില ദൈവാലയങ്ങളിൽ വെടിക്കെട്ട് നിർത്തലാക്കിയതും പകരം കാരുണ്യപ്രവർത്തനങ്ങൾക്കായി പണം നീക്കിവെച്ചതും മാതൃകയായി ഏവരും സ്വീകരിച്ചിരുന്നുവെങ്കിൽ!പ്രദക്ഷിണങ്ങൾ പലയിടത്തും വാഹനഗതാഗതത്തെയും ബാധിക്കുവാൻ തുടങ്ങി. പള്ളിപ്പരിസരങ്ങൾ തിരുനാളാഘോഷങ്ങളിൽ കച്ചവടസ്ഥലമായി.**

തിരുനാളുകൾ പോലെയാണ് ഇടവകകളിൽ നടക്കുന്ന ജൂബിലിയാഘോഷങ്ങൾ. ഇവിടെയും ആഘോഷത്തിമിർപ്പ് സാധാരണരീതിയായിട്ടുണ്ട്. പകരം പരോപകാരപ്രവൃത്തികളുടെ അവസരമായി ചിലയിടങ്ങളിൽ ജൂബിലി മാറിത്തുടങ്ങിയിട്ടുള്ളത് ആശാവഹം തന്നെ. സഭാശുശ്രൂഷകരായ വൈദികരുടെയും സമർപ്പിതരുടെയും ജൂബിലിയാഘോഷങ്ങൾ ലളിതവും വിശ്വാസികളുടെ സമൂഹത്തിന് ഉപകാരപ്രദവും ആയിരിക്കുവാൻ ഇന്നു പലരും ശ്രദ്ധിക്കുന്നുണ്ട്. സഭാശുശ്രൂഷകർ ലളിതജീവിതത്തിന്റെ മാതൃകകളായിരിക്കണമല്ലോ. മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും ജീവിതലാളിത്യം അല്മായ സഹോദരീസഹോദരന്മാർക്ക് ലളിതജീവിതം നയിക്കാൻ പ്രചോദനമാകേണ്ടതാണ്.

6. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ഉയർന്നുവന്ന മറ്റ് ചില ചിന്തകളും ഇവിടെ ചേർക്കുവാൻ ആഗ്രഹിക്കുന്നു. സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ രൂപതകളും സന്യാസസമൂഹങ്ങളും സുതാര്യത ഉറപ്പുവരുത്തണം. ഇവയുടെ ഭരണസമിതികളിൽ ക്രിസ്തീയബോധ്യങ്ങളുള്ള അല്മായരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നാം പരിശ്രമിക്കണം. സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ മാത്സര്യത്തിന്റെ ഭാവം ലാളിത്യത്തിന് ചേർന്നതല്ല. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും പാവങ്ങൾക്കും പ്രാപ്യമായിരിക്കണം വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും. അങ്ങനെയുള്ളവരെ സഹായിക്കുന്നത് നഷ്ടത്തിന്റെ പട്ടികയിലല്ല ഉൾപ്പെടുത്തേണ്ടത്.

(തുടരും)

# യമനിൽ വ്യോമാക്രമണം; 31 അഭയാർത്ഥികൾ കൊല്ലപ്പെട്ടു

ദുബായ്: യമൻ തീരക്കടലിലെ അഭയാർത്ഥി ബോട്ടിനു നേർക്ക് അപ്പാച്ചെ ഹെലികോപ്റ്റർ നടത്തിയ ആക്രമണത്തിൽ സോമാലിയക്കാരായ 31 അഭയാർത്ഥികൾ കൊല്ലപ്പെട്ടു. യമനിൽനിന്നു സുഡാനിലേയ്ക്കുപോയ അഭയാർത്ഥികൾക്കുനേരെയാണ് ആക്രമണം നടന്നതെന്ന് ഹൗതിഷിയാകളുടെ നിയന്ത്രണത്തിലുള്ള ഹൊഡെയ്ഡ മേഖലയിലെ തീരസംരക്ഷണമേഖലയിലെ ഗാർഡ് മുഹമ്മദ് അൽ അലേ പറഞ്ഞു.

നിരവധി അഭയാർത്ഥികൾ മരിച്ചെന്ന് യുഎൻ വക്താവ് ഷബിയാമന്റു സ്ഥിരീകരിച്ചു. 80 അഭയാർത്ഥികളെ രക്ഷപെടുത്തിയെന്ന് ഈ മേഖലയിൽ ബോട്ടുസർവീസ് നടത്തുന്ന ഇബ്രാഹിം അലി സെയ്ദ് പറഞ്ഞു. അഭയാർത്ഥി ബോട്ടിനു നേർക്ക് ആക്രമണം നടത്തിയ അപ്പാച്ചെ ഹെലികോപ്റ്റർ ആരുടേതാണെന്നു വ്യക്തമല്ല.



## ഐഎസ് ഭീകരരെ കൊലപ്പെടുത്തി

ധാക്ക: സിൽഹറ്റ് നഗരത്തിൽ ഭീകരർക്കുവേണ്ടി തെരച്ചിലിനെത്തിയ ബംഗ്ലാദേശ് സൈനിക കമാൻഡർമാരുടെ വെടിയേറ്റ് രണ്ട് ഐഎസ് ഭീകരർ കൊല്ലപ്പെട്ടു. അഞ്ചുനിലക്കെട്ടിടത്തിന്റെ അടിയിലത്തെ നിലയിൽ കാണപ്പെട്ട ചാവേറുകളെയാണ് സൈനികർ വെടിവച്ചുകൊന്നത്. ഭീകരർക്കായി തെരച്ചിൽ തുടരുകയാണെന്നു സൈനിക വക്താവ് ബ്രിഗേഡിയർ ജനറൽ ഫക്രുൽ അഹ്സാൻ പറഞ്ഞു.

## 31 അൽഷബാബ് ഭീകരരെ കെനിയൻ സൈന്യം വധിച്ചു

നയ്റോബി: തെക്കൻ സൊമാലിയയിലെ ജൂബാലാൻഡിൽ 31 അൽഷബാബ് ഭീകരരെ കെനിയൻ സൈന്യം വകവരുത്തി. അൽഷബാബിന്റെ രണ്ടുതാവളങ്ങളിൽ റെയ്ഡ് നടത്തിയ സൈന്യം എ.കെ.47 റൈഫിളുകളും വെടിക്കോപ്പുകളും യൂണിഫോമുകളും പിടിച്ചെടുത്തു. അൽക്വയ്ദ ബന്ധമുള്ള ഭീകരഗ്രൂപ്പാണ് അൽഷബാബ്. കെനിയയിൽ ഈ ഭീകരഗ്രൂപ്പ് നിരവധി ആക്രമണങ്ങൾ നടത്തിയതിനെത്തുടർന്ന് 2011ലാണ് കെനിയ സൊമാലിയയിലേയ്ക്ക് സൈന്യത്തെ അയച്ചത്. സോമാലിയയിലെ ആഫ്രിക്കൻ യൂണിയൻ സൈന്യത്തോടൊപ്പമാണ് കെനിയൻ സൈന്യം പ്രവർത്തിക്കുന്നത്.

## മൊസൂളിലേക്കു രണ്ടു കമ്പനി യു.എസ്.സൈനികർകൂടി



മോസ്കോ: ഐഎസിൽ നിന്നു മൊസൂൾ നഗരം തിരിച്ചുപിടിക്കാൻ യുദ്ധംചെയ്യുന്ന ഇറാക്കി സൈന്യത്തിന്റെ സഹായത്തിനായി രണ്ടുകമ്പനി യൂഎസ് സൈനികരെക്കൂടി അയയ്ക്കും. 200നും 300നും ഇടയ്ക്കു സൈനികരാണു രണ്ടു കമ്പനികളിലും കൂടിയുള്ളത്. പ്രത്യേക വ്യോമസേനാ വിഭാഗത്തേയും നിയോഗിക്കും. ഇറാക്കിലും കുവൈത്തിലുമായി 1700 സൈനികരുള്ള 82-ാം എയർബോ യൂണിറ്റ് ഇപ്പോൾതന്നെ മൊസൂൾ യുദ്ധത്തിൽ സഹായിക്കുണ്ട്. കിഴക്കൻ മൊസൂളിന്റെ നിയന്ത്രണം കൈയടക്കിയ ഇറാക്കി സൈന്യം പടിഞ്ഞാറൻ മൊസൂൾകൂടി പിടിച്ച് ഐഎസിനെ തുരത്താനുള്ള ശ്രമത്തിലാണ്. അതിനിടെ യുഎസ് സഖ്യം നടത്തിയ വ്യോമാക്രമണത്തിൽ 240 സിവിലിയന്മാർ മൊസൂളിൽ കൊല്ലപ്പെട്ടെന്ന് ആരോപണം ഉയർന്നു. വ്യോമാക്രമണം നടത്തിയെന്ന് യുഎസ് സമ്മതിച്ചു.

## താലിബാൻ ഭീകരൻ നസീർ അഹമ്മദ് കൊല്ലപ്പെട്ടു

കാബൂൾ: താലിബാൻ ഭീകരൻ സുരക്ഷാ സേനയുടെ വെടിയേറ്റ് മരിച്ചു. താലിബാൻ നേതാവ് നസീർ അഹമ്മദാണ് കൊല്ലപ്പെട്ടത്. അഫ്ഗാനിസ്ഥാനിലെ കിഴക്കൻ ലഘ്മാൻ പ്രവിശ്യയിലാണ് സംഭവം. നാളുകളായി സംഘടനയുടെ ഭാഗമായ ഇയാൾ അടുത്തിടെ വിവിധയിടങ്ങളിൽ നടന്ന ബോംബ് സ്ഫോടനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. രണ്ടു മാസത്തിനിടെ ഇയാളെ പിടികൂടാൻ ഒന്നിലേറെ തവണ സുരക്ഷാ ഉദ്യോഗസ്ഥർ ശ്രമം നടത്തിയെങ്കിലും സാധിച്ചിരുന്നില്ല.



# കുമ്പസാരക്കൂട് കരുണയുടെ പരമോന്നത കോടതി: മാർപാപ്പ

ദൈവകരുണയുടെ അനന്യമായ ലേപനം പകർന്നുനൽകുന്ന പരമോന്നത കോടതിയാണ് കുമ്പസാരക്കൂടെന്ന് ഫ്രാൻസീസ് മാർപാപ്പ. അനുരഞ്ജന ശുശ്രൂഷയുടെ വാർഷിക പരിശീലനത്തിന് റോമിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ വൈദികരോടും ഡീക്കന്മാരോടും സന്യസ്ത വൈദിക പരിശീലനത്തിലൂടെ കടന്നുപോകുന്നവരോടുമാണ് കുമ്പസാരത്തിന്റെ മഹത്വം മാർപാപ്പ പങ്കുവച്ചത്.

അനുരഞ്ജനശുശ്രൂഷാ വേളകൾ അനുഗ്രഹപ്രദമാക്കുന്നതിനു മൂന്ന് കാര്യങ്ങൾ ആവശ്യമാണെന്നു മാർപാപ്പ ഓർമ്മപ്പെടുത്തി. നല്ലിടയനായ ക്രിസ്തുവിന്റെ ഏറ്റവും വിശ്വസ്തനായ സുഹൃത്തായി ഓരോ വൈദികനും മാറുക എന്നതാണ് ഒന്നാമത്തെ കാര്യം. പ്രാർത്ഥനയിലൂടെയാണ് ഈ സൗഹൃദം ആഴപ്പെടേണ്ടത്. സത്യസന്ധമായ പ്രാർത്ഥനയിലൂടെ തന്നെത്തന്നെ കണ്ടെത്താനും അങ്ങനെ താനും പാപികളിൽ ഒരുവനാണെന്നും ആദ്യമായി ദൈവം തന്നോടാണ് കരുണ കാട്ടിയതെന്നും തിരിച്ചറിയാൻ പ്രാർത്ഥന ഉപകരിക്കുമെന്നും മാർപാപ്പ പറഞ്ഞു.

വിവേചനത്തിന്റെയും സഹാനുഭൂതിയുടെയും ആത്മാവിനെ വിളിച്ചുണർത്തി ആ പരിശുദ്ധാത്മാവിന്റെ സഹായത്താൽ പാപത്തിന്റെ സങ്കടങ്ങളിൽപ്പെട്ടുഴലുന്നവർക്കു കൃത്യവും വ്യക്തവുമായ പരിഹാരം നിർദ്ദേശിക്കാൻ പ്രാർത്ഥനവഴി കഴിയുമെന്ന് പാപ്പ ഓർമ്മപ്പെടുത്തി.

വിവേചനത്തിന്റെ ആത്മാവിൽ പൂരിതനായ വ്യക്തിയാകുക എന്നതാണ് രണ്ടാമത്തെ കാര്യം. തന്റെ പാണ്ഡിത്യമോ മനസോ പങ്കുവയ്ക്കാനല്ല ഒരു ദാസനും ശുശ്രൂഷകനും എന്ന നിലയിൽ സഭയോട് ചേർന്ന് ദൈവത്തിന്റെ ഇഷ്ടം അനുവർത്തിക്കാനുള്ള വേദിയാണ് അനുതാപശുശ്രൂഷ. വിവിധ സാഹചര്യങ്ങളിൽ നിന്നും തന്റെ അടുത്തേയ്ക്കുവരുന്ന ആളുകളെ വിവേചനത്തിന്റെ ആത്മാവിനാൽ തിരിച്ചറിയുകയും ആത്മീയതയിൽ ക്രമമല്ലാത്ത കേസുകൾ, പ്രത്യേകമായി മാനസികപ്രശ്നങ്ങളിലൂടെ കടുപോകുന്നവരുടെ കാര്യങ്ങൾ, നിലവിലുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾക്കനുസൃതമായും സഭയുടെ ഔദ്യോഗിക പഠനത്തിനും മാർഗ്ഗങ്ങൾക്കും അനുസരിച്ചും തുടർചികിത്സയ്ക്കായി രൂപതാ അധികാരികളുടെ അറിവോടെ പറഞ്ഞുവിടണമെന്നും മാർപാപ്പ പറഞ്ഞു.

അനുതാപശുശ്രൂഷ സുവിശേഷവത്കരണത്തിനുള്ള യഥാർത്ഥ അവസരംകൂടിയാണെന്നുള്ള തിരിച്ചറിവാണ് മൂന്നാമത്തേത്. ഉചിതമായ ചെറിയ സംഭാഷണങ്ങളിലൂടെ ആത്മീയതയുടെ പാത അനുതാപിക്കു കാണിച്ചുകൊടുക്കാൻ, കരുണയുടെ സന്ദേശം ധാർമ്മികതയുടെ പിൻബലത്തിൽ സത്യത്തിന്റെ കൂട്ടുപിടിച്ചു പങ്കുവയ്ക്കാൻ, നന്മയായിട്ടുള്ളതും ദൈവഹിതവും പകർന്നുനൽകാൻ വൈദികനുലഭിക്കുന്ന അസുലഭമുഹൂർത്തമാണ് അനുതാപശുശ്രൂഷ. അനുദിനം അജപാലനപരമായ മുൻഗണനയുമായി തിന്മയുടെയും പാപത്തിന്റെയും അതിർവരമ്പുകളിൽ യാത്രചെയ്യേണ്ടവരാണ് അനുരഞ്ജനശുശ്രൂഷയുടെ ദാസരായ യഥാർത്ഥ വൈദികർ എന്ന് മാർപാപ്പ കൂട്ടിച്ചേർത്തു.

നല്ലകുമ്പസാരക്കാരാകാൻ എല്ലാവരേയും ആഹ്വാനം ചെയ്തും അതിനുള്ള അനുഗ്രഹം പകർന്നും അനുതാപശുശ്രൂഷയ്ക്ക് അണയുന്നവർക്കുവേണ്ടിയും തനിക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നു ഓർമ്മപ്പെടുത്തി മാർപാപ്പ തന്റെ സന്ദേശം അവസാനിപ്പിച്ചു. വൈദികരും സന്യസ്തരും പരിശീലനത്തിലൂടെ കടന്നുപോകുന്ന അർത്ഥികളും അടക്കം നൂറുകണക്കിന് പേരാണ് പാപ്പയുടെ വചനങ്ങൾക്ക് കാതോർത്തത്.

## ക്രിസ്ത്യൻ ന്യൂനപക്ഷ ക്ഷേമസമിതി സംസ്ഥാന ഭാരവാഹികൾ

ഇന്ത്യയിൽ ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന ക്രിസ്ത്യാനികളെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികളെപ്പറ്റി ബോധവൽക്കരിക്കുക എന്ന സുപ്രധാന ലക്ഷ്യത്തോടെ ക്രിസ്ത്യൻ ന്യൂനപക്ഷ ക്ഷേമസമിതി (Christian Minority Welfare Association) എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ശ്രീ.ടി.ദേവപ്രസാദ്, അഡ്വ.റെക്സ് ജേക്കബ് എന്നിവർ രക്ഷാധികാരികളായ പ്രസ്തുത സംഘടനയുടെ സംസ്ഥാന ഭാരവാഹികളായി എബ്രാഹം നടുവത്ര (പ്രസിഡന്റ്), ജേക്കബ് ഉമ്മൻ (ജനറൽ സെക്രട്ടറി), ചാണ്ടി എ.സി.(ട്രഷറർ), ഇ.എം.തോമസ് (വൈസ് പ്രസിഡന്റ്), രാജൻ മാളിയേക്കൽ (വൈസ് പ്രസിഡന്റ്), പ്രിജു ജോൺ (ജോ.സെക്രട്ടറി), അരുൺ വർഗീസ് (ജോ.സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.



**എബ്രാഹം നടുവത്ര**
(പ്രസിഡന്റ്)



**ജേക്കബ് ഉമ്മൻ**
(ജനറൽ സെക്രട്ടറി),

# യേശുവിന്റെ തിരുക്കല്ലറയിലെ ദൈവാലയത്തിന്റെ നവീകരണം പൂർത്തിയായി

ജറുസലേം: ഒൻപത് മാസം നീണ്ട അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണപ്രവർത്തനങ്ങൾക്കും ശേഷം യേശുവിന്റെ തിരുക്കല്ലറ സ്ഥിതിചെയ്യുന്ന ദൈവാലയം തീർത്ഥാടകർക്കു തുറന്നുകൊടുത്തു. യേശുവിനെ അടക്കിയ കല്ലറയ്ക്കു മുകളിലുള്ള ചെറുഭവനം (എഡിക്യൂൾ) എന്ന നിർമ്മിതിയിലെ കേടുപാടുകൾ തീർത്തു ബലപ്പെടുത്തി.



രണ്ടു നൂറ്റാണ്ടിനിടെ ആദ്യമായി തിരുക്കല്ലറയുടെ മുകളിലെ മാർബിൾശില മാറ്റി കല്ലറയിലും ഇത്തവണ പരിശോധന നടത്തി. കല്ലറ കാണാവുന്ന വിധത്തിൽ ഒരു ജനാലയും നിർമ്മിച്ചു. വർഷങ്ങളായി എഡിക്യൂളിൽ പറ്റിപ്പിടിച്ചിരുന്ന മെഴുകും പുകയും പ്രാവിൻ കാഷ്ഠവുമെല്ലാം മാറ്റി വൃത്തിയാക്കി. ടൈറ്റാനിയം ബോൾട്ടും കോൺക്രീറ്റും ഉപയോഗിച്ചു ബലപ്പെടുത്തുകയും ചെയ്തു. 70 വർഷം മുമ്പു സ്ഥാപിച്ച ഇരുമ്പ്താങ്ങുകൾ മാറ്റി.

കത്തോലിക്കാസഭ, ഗ്രീക്ക് ഓർത്തഡോക്സ് സഭ, അർമേനിയൻ അപ്പസ്തോലിക് സഭ, സിറിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, കോപ്റ്റിക് സഭ എന്നിവ സംയുക്തമായാണ് തിരുവുത്ഥാന ദൈവാലയം പരിപാലിക്കുന്നത്.

26 കോടി രൂപ (40 ലക്ഷം ഡോളർ) മുടക്കിയാണ് അറ്റകുറ്റപ്പണികൾ നടത്തിയത്. ആറു സഭകൾക്കുപുറമെ ജോർദ്ദാനിലെ അബ്ദുള്ള രാജാവും പാലസ്തീൻ അഥോറിറ്റിയും പണം നൽകി. അറ്റ്ന്റിക് റിക്കാർഡ്സ് എന്ന കമ്പനിയുടെ സ്ഥാപകന്റെ വിധവ മിക്കാ എർടെഗൂൺ 13 ലക്ഷം ഡോളർ സംഭാവന ചെയ്തു. ഗ്രീക്ക് ശാസ്ത്രജ്ഞരാണ് പണിക്കു മേൽനോട്ടം വഹിച്ചത്.

# ഗുജറാത്തിൽ കർഷക ആത്മഹത്യകൾ പെരുകുന്നു

ഗാന്ധിനഗർ: ഗുജറാത്തിൽ കർഷക ആത്മഹത്യകൾ പെരുകുന്നുവെന്ന് റിപ്പോർട്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 91 കർഷകർ ആത്മഹത്യ ചെയ്തതെന്ന് സർക്കാർ നിയമസഭയെ അറിയിച്ചു. ജംനഗർ ജില്ലയിൽ മാത്രം 48 പേരാണ് മരിച്ചതെന്നാണ് സർക്കാർ കണക്കുകളിൽ വ്യക്തമാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പേർ ആത്മഹത്യ ചെയ്തതും ഇവിടെയാണെന്നാണ് സൂചന. വിളനാശവും കടക്കെണിയുമാണ് ആത്മഹത്യകളുടെ പ്രധാനകാരണമെന്നും കർഷക ആത്മഹത്യ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ കണക്കുകൾ ഇതാണെങ്കിലും യഥാർത്ഥ കണക്കുകൾ ഇതിന്റെ ഇരട്ടിയാണെന്നാണ് പ്രതിപക്ഷ ആരോപണം.



# മദ്യത്തേക്കാൾ വലുത് മനുഷ്യജീവനെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: മദ്യത്തേക്കാൾ വലുതാണ് മനുഷ്യജീവനെന്ന് സുപ്രീംകോടതി. ഏപ്രിൽ ഒന്നിനകം മദ്യവില്പനശാലകൾ




ദേശീയ സംസ്ഥാന പാതകളുടെ 500 മീറ്റർ അകലേക്ക് മാറ്റിസ്ഥാപിക്കണമെന്ന വിധിക്കെതിരായ അപ്പീലുകൾ പരിഗണിക്കവെയായിരുന്നു സുപ്രീംകോടതിയുടെ നിരീക്ഷണം. ഇക്കാര്യത്തിൽ അറ്റോർണി ജനറൽ മുകുൾ റോഹ്തഗി സ്വീകരിച്ച നിലപാട് സുപ്രീംകോടതി തള്ളി. ദേശീയ സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ മദ്യവില്പന പാടില്ലെന്ന നിലപാട് സുപ്രീംകോടതി ആവർത്തിച്ചു. അതേസമയം വിധിയിലൂടെ ഉദ്ദേശിച്ചത് മദ്യനിരോധനമല്ലെന്നും കോടതി വ്യക്തമാക്കി. റോഡപകടങ്ങൾ ഒഴിവാക്കാനാണ് ദേശീയ പാതയോരത്തെ മദ്യവില്പനകേന്ദ്രങ്ങൾ നിരോധിച്ചത്. അപകടങ്ങളിൽ മരിച്ചവരേക്കുറിച്ച് ആരും പറയുന്നില്ല. ദേശീയപാതയോരത്തെ മദ്യവില്പന നിരോധിച്ച വിധിയെ ചോദ്യം ചെയ്തവരിൽ കൂടുതലും സ്വകാര്യ വ്യക്തികളാണെന്നും കോടതി ചൂണ്ടിക്കാട്ടി.

# രാജ്യത്ത് കർഷകർ ജീവനൊടുക്കുന്നത് ഗുരുതര വിഷയം: സുപ്രീം കോടതി



ന്യൂഡൽഹി: രാജ്യത്ത് കർഷകർ ജീവനൊടുക്കുന്നത് ഗുരുതരവിഷയമാണെന്ന് സുപ്രീംകോടതി. എന്തു നടപടിയാണ് കർഷകർക്കായി സർക്കാർ ഇതുവരെ കൈക്കൊണ്ടതെന്നും സുപ്രീം കോടതി ചോദിച്ചു. ഇക്കാര്യത്തിൽ സർക്കാർ നാലാഴ്ചയ്ക്കുള്ളിൽ വിശദീകരണം നൽകണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു. ഗുജറാത്തിൽ കർഷകൻ ജീവനൊടുക്കിയതുമായി ബന്ധപ്പെട്ട് ഒരു സന്നദ്ധസംഘടന നൽകിയ ഹർജി പരിഗണിക്കവെയാണ് സുപ്രീംകോടതി വിശദീകരണം ആവശ്യപ്പെട്ടത്.



Dr. P.M. Chacko
Palakunnel
Mob: 9746085144

# വേർതിരിവിന്റെ വേദന മനോരോഗമായി മാറുമ്പോൾ

സിത്താര എഞ്ചിനീയറിംഗ് കോളജ് വിദ്യാർത്ഥിനിയാണ്. അവൾ ആദ്യമായാണ് വീട്ടിൽ നിന്നും വളരെ ദൂരെ മാറിത്താമസിക്കുന്നത്. വീട്ടിൽ ഇളയസഹോദരിയും മാതാപിതാക്കളുമാണുള്ളത്. ഇളയസഹോദരിക്ക് സിത്താരയേക്കാൾ അഞ്ചുവയസ് പ്രായക്കുറവ്. സിത്താരയ്ക്ക് ഇളയവൾ ജനിച്ചപ്പോൾ മുതൽ ചില സ്വഭാവ പ്രത്യേകതകൾ കണ്ടുതുടങ്ങി. അമ്മയുടെ കൂടെ കിടക്കണമെന്ന് ശാഠ്യം പിടിച്ചപ്പോൾ ശകാരിച്ച് അടികൊടുത്ത് മാറ്റിക്കിടത്തി. പല രാത്രികളിലും അവൾ ഈ ആവശ്യം ഉന്നയിച്ചെങ്കിലും പലപ്പോഴും മാതാപിതാക്കൾ ഇളയ കുഞ്ഞിന് ബുദ്ധിമുട്ടുണ്ടാകും എന്നു പറഞ്ഞ് അവളെ നിരാശപ്പെടുത്തി. തന്നെക്കാൾ സ്നേഹം ഇളയ കുട്ടിയോടാണ് എന്ന തോന്നൽ അവളിൽ ആഴമായി വളരുവാൻ തുടങ്ങി. ഇളയവളേക്കാൾ പ്രായക്കൂടുതലുള്ള ആൾ ആയതുകൊണ്ട് പലപ്പോഴും ഇവൾ എടുക്കുന്ന സാധനങ്ങൾ കൊച്ചുകുട്ടി ആവശ്യപ്പെട്ടാൽ അത് ബലമായി എടുത്ത് കുട്ടിക്ക് മാതാപിതാക്കൾ കൊടുത്തിരുന്നു. അവൾ നിലത്തുകിടന്ന് ഉരുളുകയും ഉച്ചത്തിൽ കരയുകയും ചെയ്യുമ്പോൾ ആശ്വസിപ്പിക്കാൻ മാതാപിതാക്കൾ ഒട്ടും ശ്രദ്ധ കാണിച്ചിരുന്നില്ല. പല കാര്യങ്ങളിലും രണ്ടുപേരെയും ഒരേപോലെതന്നെയാണ് മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നത് എന്നത് അവളും സമ്മതിക്കുന്നുണ്ട്. വസ്ത്രം വാങ്ങുമ്പോൾ ഒരേ രീതിയിലുള്ളത് വാങ്ങിയാൽ പോലും തന്റെ വസ്ത്രത്തിന് ഏതെങ്കിലും കുറവ് കണ്ടുപിടിച്ച് അതു തന്നോടുള്ള സ്നേഹക്കുറവുകൊണ്ട് മനഃപൂർവ്വം ചെയ്തതാണെന്ന് ആരോപിച്ച് വഴക്കുണ്ടാക്കും. ഒരിക്കൽ അരിശംമൂത്ത് അനുജത്തിയുടെ വസ്ത്രം ചെളിയിൽ വലിച്ചെറിഞ്ഞു. അതിന് അടികിട്ടിയപ്പോൾ അവൾ കരഞ്ഞതേയില്ല. കാരണം താൻ ചെയ്തത് ശരിയാണെന്നും മാതാപിതാക്കൾ തന്നോട് അനീതി കാണിക്കുകയാണെന്നും അവൾ ഉറച്ചുവിശ്വസിച്ചിരുന്നു എന്നതാണ്. സ്കൂളിൽ പോയി തിരിച്ചുവന്നാലുടൻ അനിയത്തി തന്റെ സാധനങ്ങൾ വല്ലതുമെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കും. അവൾ എന്തെങ്കിലും കഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് തനിക്കുതരാതെ അവൾക്കുകൊടുത്തു എന്നു പറഞ്ഞ് വഴക്കുണ്ടാക്കും. അവളെ പലപ്പോഴും ഉപദ്രവിക്കുകയും ചെയ്യും. ഉപദ്രവിച്ചതിന് മാതാപിതാക്കൾ ശകാരിച്ചാൽ തന്നോടുള്ള സ്നേഹക്കുറവുകൊണ്ടാണെന്ന അവളുടെ നിഗമനം ശരിയാണെന്ന് അവൾ ഉറപ്പിക്കുകയും ചെയ്യും.

ഹോസ്റ്റലിൽ കൊണ്ടുചെന്നാക്കിയപ്പോൾ അവൾ അസ്വസ്ഥത പ്രകടിപ്പിച്ചുതുടങ്ങി. ഡയറി എഴുതുന്ന സ്വഭാവം അവൾക്കുണ്ടായിരുന്നു. പരസ്പരവിരുദ്ധവും അസത്യവുമായ കാര്യങ്ങൾ അവൾ അനുദിനം എഴുതിക്കൊണ്ടിരുന്നു. അവളുടെ മാതാപിതാക്കൾ മരിച്ചുപോയെന്നും അമ്മാവന്മാരാണ് അവളെ നോക്കുന്നതെന്നും അവൾ എഴുതിവെച്ചു. അവൾക്ക് ഏതോ രോഗമുണ്ടെന്നും താമസിയാതെ മരിച്ചുപോകുമെന്നും മറ്റൊരു ദിവസം എഴുതിവെച്ചു. അവൾ സ്കൂളിൽ വച്ച് ഒരു യുവാവുമായി പ്രണയത്തിലായിരുന്നു. അയാൾ മറ്റൊരു കോളജിൽ പഠിക്കുകയാണ്. ഈ കോളജിലെ മറ്റൊരു ചെറുപ്പക്കാരൻ അവളോട് അടുക്കാൻ ശ്രമിച്ചു. അയാളോടും അനാഥത്വത്തിന്റെ കഥ പറഞ്ഞു. പക്ഷേ അവളുടെ ഒരു ബന്ധു ആ കോളജിൽതന്നെ പഠിക്കുന്നുണ്ടായിരുന്നു. അവളിൽ നിന്ന് സിത്താര പറയുന്നത് ശുദ്ധനുണയാണെന്ന് അയാൾ മനസ്സിലാക്കി. ഇതിനിടെ കൂട്ടുകാരികൾ ആരോ അവളുടെ ഡയറി മോഷ്ടിച്ച് അയാൾക്കുകൊടുത്തു. അയാൾ അതു വാങ്ങി വായിച്ച് അതിലെ കാര്യങ്ങൾ കോളജിൽ പരസ്യപ്പെടുത്തി. അവൾക്ക് മാനസിക രോഗമാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചു. ഇതിനിടെ ഡയറി മോഷണത്തിന്റെ പേരിൽ റൂം മേറ്റുകളുമായി പിണങ്ങി. അവർ പറഞ്ഞിരുന്ന രഹസ്യങ്ങൾ എന്നപേരിൽ അപകീർത്തികരമായ പല കാര്യങ്ങളും അവരെപ്പറ്റി →

ഇവൾ പറഞ്ഞുപരത്തി. അത് കളവായിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. അടുത്ത ദിവസം അവളുടെ ഒരു കൂട്ടുകാരി വിഷം എടുത്ത് കഴിച്ച് മരിക്കാൻ ശ്രമിച്ചെന്നും വിഷം മുറിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഹോസ്റ്റൽ വാർഡനെ അറിയിച്ചു. സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അങ്ങനെയൊരു സംഭവം നടന്നിട്ടില്ല എന്ന് ബോധ്യമായി. ആ പെൺകുട്ടി തന്നെ അപകീർത്തിപ്പെടുത്തി എന്ന് അവളുടെ മാതാപിതാക്കളെ അറിയിച്ചു. അവർ പ്രിൻസിപ്പലിനോട് പരാതിപ്പെട്ടു. പ്രിൻസിപ്പൽ സിത്താരയുടെമേൽ കർശന അച്ചടക്കനടപടി സ്വീകരിച്ചു.

അവളുമായി സംസാരിച്ചപ്പോൾ അവളുടെ മാതാപിതാക്കൾ അവളെ സ്നേഹിക്കുന്നില്ലെന്നും അവളെ ഹോസ്റ്റലിലാക്കിയതുവഴി അവളെ ഒഴിവാക്കാൻ അവർക്ക് കഴിഞ്ഞെന്നും പറഞ്ഞു. ഇപ്പോൾ അവർ പുന്നാരമോളുമായി സുഖിച്ചു ജീവിക്കുകയാണ്. അതു ഞാൻ സമ്മതിക്കില്ല. ഞാൻ ഇവിടെ കുഴപ്പങ്ങൾ കാണിക്കുമ്പോൾ അവർ ശരിക്കും നാണംകെടും. അപ്പോൾ അവർക്ക് അവളോടൊപ്പം അവിടെ സമാധാനമായി ജീവിക്കാൻ കഴിയുകയില്ല. വീട്ടിൽ അവൻ എന്നെ ഒഴിവാക്കി സുഖിച്ചുജീവി

**ഇളയകുട്ടിയുണ്ടാകുമ്പോൾ മൂത്തകുട്ടിയെ അനുനയിപ്പിച്ച് രണ്ടുപേരെയും സ്നേഹിച്ച് രണ്ടുപേരും പരസ്പരം സ്നേഹിക്കുവാൻ പഠിപ്പിച്ച് വളർത്തുകയെന്നത് മാതാപിതാക്കളുടെ കടമയാണ്. അറിഞ്ഞോ അറിയാതെയോ ഇതിനു കഴിയാതെ വരുമ്പോൾ കുട്ടികൾ തമ്മിലും മാതാപിതാക്കളോടും ശത്രുതയുണ്ടാകും.**

ക്കുകയാണെന്ന ചിന്ത എന്റെ മനസിൽ ഇടയ്ക്കിടെ കടന്നുവരും. അപ്പോൾ ഞാൻ അസ്വസ്ഥയാകും. എന്റെ മനസ്സിൽ വിദ്വേഷവും വൈരാഗ്യവും നിറയും. പിന്നീട് ഞാൻ ചെയ്തുകൂട്ടുന്നത് എന്താണെന്ന് എനിക്കുതന്നെ അറിയില്ല എന്നു കൂടി അവൾ പറഞ്ഞു.

ഇവിടെ പ്രകടമായി കാണുന്നത് സിമ്പ്ളിംഗ് റൈവൽറിയും അതിനെത്തുടർന്നുള്ള സ്ട്രസ് ഡിസോർഡറുമാണ്. ഇളയകുട്ടിയുണ്ടാകുമ്പോൾ മൂത്തകുട്ടിയെ അനുനയിപ്പിച്ച് രണ്ടുപേരെയും സ്നേഹിച്ച് രണ്ടുപേരും പരസ്പരം സ്നേഹിക്കുവാൻ പഠിപ്പിച്ച് വളർത്തുകയെന്നത് മാതാപിതാക്കളുടെ കടമയാണ്. അറിഞ്ഞോ അറിയാതെയോ ഇതിനു കഴിയാതെ വരുമ്പോൾ കുട്ടികൾ തമ്മിലും മാതാപിതാക്കളോടും ശത്രുതയുണ്ടാകും. ഇതിന്റെ ഫലമായി മൂത്തകുട്ടി താൻ നിരന്തരമായി അവഗണിക്കപ്പെടുന്നുവെന്ന ചിന്തയുണ്ടായി. തത്ഫലമായുണ്ടായ സ്ട്രെസ് അവളിൽ മാനസിക പ്രശ്നങ്ങൾ സൃഷ്ടിച്ചു. കടുത്ത മാനസിക സംഘർഷത്തിന്റെ ഫലമായി അവൾ പലപ്പോഴും അവളല്ലാതെയായിമാറി. ഹിസ്റ്ററിക്കൽ കൺവർഷനും സ്പ്ലിറ്റിംഗ് ഓഫ് പേഴ്സണാലിറ്റിയും ഒക്കെ സംഭവിച്ച് അവൾ പലവിധത്തിൽ അസ്വസ്ഥത അനുഭവിച്ചു. കൗൺസലിംഗും ടൈംലൈൻ തെറാപ്പിയും കൂടി ഇപ്പോൾ സൗഖ്യംപ്രാപിച്ചുവരുന്നു.

# ഇസ്ലാം മതം സ്വീകരിച്ചാൽ കൊലപാതക കേസിൽ നിന്ന് ഊരിത്തരാമെന്ന് പാക്കിസ്ഥാൻ പ്രോസിക്യൂട്ടറുടെ വാഗ്ദാനം; മതവിശ്വാസം കളഞ്ഞ് കേസിൽനിന്ന് രക്ഷപെടുത്തേണ്ടെന്ന് പ്രതികളും



ഇസ്ലാമാബാദ്: ഇസ്ലാം മതം സ്വീകരിച്ചാൽ കൊലപാതക കുറ്റത്തിൽ നിന്ന് രക്ഷപെടുത്താമെന്ന് ക്രിസ്തുമത വിശ്വാസികൾക്ക് പാക് പ്രോസിക്യൂട്ടറുടെ വാഗ്ദാനം. ലാഹോറിലെ മുതിർന്ന പ്രോസിക്യൂട്ടറുടെ നടപടി വൻ വിവാദമായിരിക്കുകയാണ്. പാക്കിസ്ഥാനിലെ ന്യൂനപക്ഷവിഭാഗങ്ങൾക്ക് നിയമസംവിധാനത്തിൽ നിന്നുപോലും നീതി ലഭിക്കുന്നില്ലെന്ന ആരോപണം ശക്തമായിരിക്കുന്നതിനിടിയിലാണ് പുതിയ വിവാദം ഉടലെടുത്തിരിക്കുന്നത്. രണ്ടുവർഷം മുമ്പുനടന്ന കലാപത്തിനിടെ രണ്ടു മുസ്ലീം മതവിഭാഗക്കാരെ കൊലപ്പെടുത്തിയെന്ന കേസിൽ വിചാരണ നേരിടുന്ന പത്തിലധികം വരുന്ന ക്രിസ്തുമതവിശ്വാസികൾക്കാണ് പാക്ക് പ്രോസിക്യൂട്ടർ ഈ വാഗ്ദാനം നൽകിയത്. ലാഹോറിനോടു ചേർന്നുള്ള യൊഹാനാബാദിൽ രണ്ടുവർഷം മുമ്പാണ് കേസിന് ആസ്പദമായ സംഭവം ഉണ്ടായത്. 2015ൽ ഇവിടെ ക്രിസ്ത്യൻ പള്ളികൾക്കുനേരെ ചാവേർ ആക്രമണങ്ങൾ നടന്നിരുന്നു. ഇതിനുപിന്നാലെ പ്രദേശത്ത് കലാപം പൊട്ടിപ്പുറപ്പെട്ടു.

ഞായറാഴ്ച കുർബാനയ്ക്കിടയിൽ വരെ ആക്രമണമുണ്ടായി. തുടർന്നുണ്ടായ മതലഹളയിൽ പള്ളിയിലെ ചാവേറാക്രമണത്തിൽ പങ്കുണ്ടെന്ന് കരുതപ്പെടുന്ന രണ്ടു മുസ്ലീം മതവിഭാഗക്കാർ കൊല്ലപ്പെട്ടിരുന്നു. ഈ സംഭവത്തിൽ നാൽപ്പതിലധികം ക്രിസ്തുമതവിശ്വാസികളെയാണ് പോലീസ് പ്രതിചേർത്തത്.

എന്നാൽ ക്രിസ്തുമതവിശ്വാസം ഉപേക്ഷിച്ച് ഇസ്ലാം മതം സ്വീകരിച്ചാൽ കേസിൽ നിന്ന് ഊരിത്തരാമെന്ന് ജില്ലാ ഡെപ്യൂട്ടി പബ്ലിക് പ്രോസിക്യൂട്ടർ സയീദ് അനീസ് ഷാ വാഗ്ദാനം ചെയ്തതായാണ് ആരോപണം. കേസിൽ പ്രതിചേർക്കപ്പെട്ടവർക്ക് നിയമസഹായം നൽകുന്ന ജോസഫ് ഫ്രാൻസി എന്നയാളാണ് ആരോപണവുമായി രംഗത്തെത്തിയത്. എന്നാൽ പ്രതികളാക്കപ്പെട്ടവർ ഇതിനോട് പ്രതികരിച്ചില്ലെന്നും അദ്ദേഹം അറിയിച്ചതായാണ് റിപ്പോർട്ട്.

മതപുരോഹിതർ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരെ മതപരിവർത്തനത്തിന് നിർബന്ധിക്കുന്ന വാർത്തകൾ പാക്കിസ്ഥാനിൽ പതിവാണെങ്കിലും ഭരണകൂടത്തിന്റെ ഭാഗമായിട്ടുള്ള വ്യക്തിതന്നെ പ്രതികളെ കേസിൽ നിന്ന് രക്ഷപെടുത്താൻ മതപരിവർത്തനമെന്ന മാർഗ്ഗം ഉപയോഗിച്ചെന്ന റിപ്പോർട്ട് ആദ്യമാണ്.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## 72 സാമൂഹ്യസമ്പർക്കങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**സഹകരണം**–ഈ മാധ്യമങ്ങളുടെ പ്രവർത്തനപരിധി ഒരു രാജ്യത്തൊതുങ്ങി നിൽക്കുന്നില്ല. അത് രാജ്യാതിർത്തികൾ കടന്ന് മനുഷ്യവംശത്തിലുള്ള ഓരോ വ്യക്തിയേയും സ്വാധീനിക്കുന്നു. അതുകൊണ്ട് ദേശീയതലത്തിലുള്ള കേന്ദ്രങ്ങൾ അന്തർദേശീയതലത്തിൽ സഹകരിച്ച് പ്രവർത്തിക്കണം. 21-ാം വകുപ്പിൽ പറഞ്ഞതരം കേന്ദ്രങ്ങൾ ഓരോന്നും അതതിന്റെ അന്തരാഷ്ട്രീയ തലത്തിലുള്ള കത്തോലിക്കാ സംഘടനകളോട് ഉത്സാഹപൂർവ്വം യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇത്തരം അന്താരാഷ്ട്രീയ കത്തോലിക്കാസംഘടനകൾ തിരുസിംഹാസനത്തിന്റെ നേരിട്ടു കീഴിലായിരിക്കും. തിരുസിംഹാസനത്തിനുമാത്രമേ ഇവയെ നിയമാനുസൃതമായി അംഗീകരിക്കാൻ പാടുള്ളൂ.

### ഉപസംഹാരം

സാമൂഹ്യസമ്പർക്കമാധ്യമങ്ങളെപ്പറ്റി ഈ പരിശുദ്ധ സൂനഹദോസ് നിശ്ചയിച്ചിട്ടുള്ള തത്ത്വങ്ങളും മാനദണ്ഡങ്ങളും നടപ്പിലാക്കാനായി 19-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന സംഘം ഒരു ഇടയലേഖനം പുറപ്പെടുവിക്കണമെന്ന് സൂനഹദോസ് വ്യക്തമായി ആജ്ഞാപിക്കുന്നു. ഇത് നിർവ്വഹിക്കേണ്ടത് വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടിയായിരിക്കണം.

മറ്റു കാര്യങ്ങളെ സംബന്ധിച്ച് സഭയുടെ മക്കളെല്ലാം ഈ നിർദ്ദേശങ്ങളും നിബന്ധനകളും സന്തോഷപുരസ്സരം സ്വാഗതം ചെയ്യുമെന്നും പരിശുദ്ധമായി പാലിക്കുമെന്നും ഈ പരിശുദ്ധ സൂനഹദോസിന് ഉറച്ച ബോധ്യമുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ട് മേൽപ്പറഞ്ഞ നേട്ടങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ സംഭവിക്കാവുന്ന തിന്മകളെ ദൂരീകരിക്കാൻ മാത്രമല്ല, ഭൂമിയുടെ ലവണമെന്നപോലെ അവയെ പരിരക്ഷിക്കാനും ലോകത്തിന്റെ പ്രകാശമെന്നപോലെ അവയെ ഉദ്ദീപിപ്പിക്കാനും അവർക്ക് സാധിക്കും. കൂടാതെ ഈ മാധ്യമങ്ങളെ മാനവരാശിയുടെ നന്മയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കണമെന്നും സന്മനസ്സുള്ള എല്ലാ മനുഷ്യരോടും പ്രത്യേകിച്ച് ഇവയെ നിയന്ത്രിക്കുന്നവരോടും സൂനഹദോസ് അഭ്യർത്ഥിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഭാഗധേയത്തിന് ഇവയുടെ ശരിയായ ഉപയോഗത്തോടുള്ള ബന്ധം അനുദിനം വർദ്ധിച്ചാണു വരുന്നത്. അങ്ങനെ പ്രാചീന കലകൾവഴി എന്നപോലെ ഈ പുതിയ കണ്ടുപിടുത്തങ്ങൾ വഴിയും കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ. *യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരുവൻതന്നെ* എന്ന് അപ്പസ്തോലൻ പറഞ്ഞത് നിറവേറുകയും ചെയ്യട്ടെ.

---

## സഭ ആധുനിക ലോകത്തിൽ



### പ്രാരംഭം

**സഭയ്ക്ക് മനുഷ്യവംശത്തോടുള്ള അവഗാഢബന്ധം**–ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്ക്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപ്പറ്റ മനുഷ്യത്വത്തോടുകൂടിയ യാതൊന്നും അവരുടെ ഹൃദയമണ്ഡലങ്ങളിൽ പ്രതിദ്ധ്വനിക്കാതിരിക്കരുത്. കാരണം മനുഷ്യരാൽ വാർത്തെടുക്കപ്പെട്ട ഒരു സമൂഹമാണ് അവരുടേത്. ക്രിസ്തുവിൽ ഒന്നിക്കപ്പെട്ട് പിതൃരാജ്യത്തേയ്ക്കുള്ള അവരുടെ യാത്രയിൽ പരിശുദ്ധാത്മാവാൽ അവർ ആനീതരായിരിക്കുകയാണ്. സർവ്വമനുഷ്യർക്കും നൽകാനുള്ള രക്ഷാസന്ദേശമാണ് അവർ കൈപ്പറ്റിയിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് മനുഷ്യവംശത്തോടും അതിന്റെ ചരിത്രത്തോടും ഈ സമൂഹം യഥാർത്ഥമായും അവഗാഢമായും ബന്ധപ്പെട്ടതായി അവർക്ക് അനുഭവപ്പെടുന്നത്.

**കൗൺസിൽ ശ്രദ്ധ തിരിക്കുന്നു**–സഭയുടെ നിഗൂഢതയിലേയ്ക്ക് ചുഴിഞ്ഞിറങ്ങി സഭാസന്താനങ്ങളേയും ക്രിസ്തുനാമം വിളിച്ചപേക്ഷിക്കുന്നവരേയും മാത്രമല്ല, മനുഷ്യവംശം മുഴുവനേയും രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിസംബോധന ചെയ്യുകയാണ്. എന്തെന്നാൽ ഇന്നത്തെ ലോകത്തിൽ സഭയുടെ സാന്നിധ്യവും പ്രവർത്തനവും എവ്വിധമാണ് കൗൺസിൽ മനസിലാക്കുന്നതെന്ന് ഏവർക്കും വിശദീകരിച്ചുകൊടുക്കുവാൻ അത് ആഗ്രഹിക്കുന്നുണ്ട്.

മാനവലോകത്തിലേയ്ക്കും മനുഷ്യകുടുംബം മുഴുവനിലേയ്ക്കും പോരാ അതു ജീവിച്ചുവളരുന്ന എല്ലാവിധ യാഥാർത്ഥ്യങ്ങളിലേയ്ക്കും കൗൺസിൽ ശ്രദ്ധതിരിക്കുന്നു. മാനവയത്നങ്ങളുടെയും ജയാപജയങ്ങളുടെയും മുദ്രകൾ പതിഞ്ഞ ലോകത്തെ, മനുഷ്യചരിത്രത്തിന്റെ നാടകവേദിതന്നെയായ ലോകത്തെ സ്രഷ്ടാവിന്റെ സ്നേഹവായ്പിൽ ഉരുവാകുകയും പരിപാലിക്കപ്പെടുകയും പാപബന്ധനത്തിലകപ്പെട്ടെങ്കിലും വ്യക്തിത്വംപൂണ്ട നാരകീയശക്തിയെ തകർത്തുകൊണ്ട് ക്രൂശിതനും പുനരുത്ഥിതനുമായ ക്രിസ്തുവിനാൽ സമുദ്ധരിക്കപ്പെടുകയും ചെയ്തതായി ക്രൈസ്തവർ കാണുന്ന അതേ ലോകത്തെത്തന്നെ അത് ഉറ്റുനോക്കുന്നു. അത് ദൈവത്തിന്റെ പദ്ധതിക്കനുസരണമായി ലോകം രൂപം കൊള്ളാനും അതിന്റെ പൂർത്തിയിലെത്താനും വേണ്ടിയാണ്.

(തുടരും)

LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

***സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും അങ്ങയുടെ ഇഷ്ടം നിറവേറണമെ എന്ന് എന്തുകൊണ്ടാണ് അപേക്ഷിക്കേണ്ടത്?***

എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നത് പിതാവിന്റെ ഇഷ്ടമാണ് (1തിമോ.2:3). പിതാവിന്റെ രക്ഷാകരമായ ഇഷ്ടം പൂർണ്ണമായി നിറവേറ്റാനാണ് യേശു വന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും മാതൃകയിൽ ദൈവപുത്രന്റെ ഇഷ്ടത്തോട് നമ്മുടെ ഇഷ്ടത്തെ സംയോജിപ്പിക്കാൻ പിതാവായ ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ ദയാപൂർണ്ണമായ പദ്ധതി ഇപ്പോൾ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാകണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം വിവേചിക്കാൻ നമുക്ക് കഴിയുന്നതും അത് സാക്ഷാത്കരിക്കാനുള്ള സഹനശക്തി ലഭിക്കുന്നതും പ്രാർത്ഥനയിലൂടെയാണ്.

***അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ എന്ന പ്രാർത്ഥനയുടെ അർത്ഥമെന്താണ്?***

മക്കൾക്കടുത്ത വിശ്വാസാശ്രയത്തോടെ എല്ലാവരുടെയും നിലനില്പിനാവശ്യമായ ദൈനംദിന ഭക്ഷണം നാം ദൈവത്തോട് ചോദിച്ചുകൊണ്ട് അവിടുന്ന് എല്ലാ നന്മകൾക്കും ഉപരിയായി എത്രയോ നല്ലവനായ നമ്മുടെ പിതാവാണെന്ന് നാം അംഗീകരിക്കുകയാണ്. നീതിയും പങ്കുവയ്ക്കലും വഴി, ഇല്ലാത്തവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പോന്ന തരത്തിൽ പ്രവർത്തിക്കുന്നതിന് സമൃദ്ധിയുള്ളവർ അറിയാനുള്ള കൃപയ്ക്കായും നമ്മൾ പ്രാർത്ഥിക്കുന്നു.

***ഈ പ്രാർത്ഥനയുടെ സവിശേഷമായ ക്രൈസ്തവാർത്ഥം എന്താണ്?***

*മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നുപുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ് ജീവിക്കുകയെന്നതിനാൽ* (മത്താ.4:4) ഈ പ്രാർത്ഥന ദൈവവചനത്തിനും വി.കുർബാനയിൽ വിഭജിക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിനും പരിശുദ്ധാത്മാവിനുംവേണ്ടിയുള്ള വിശപ്പിനെയും സംബന്ധിക്കുന്നതാണ്. പരിപൂർണ്ണമായ വിശ്വാസാശ്രയത്തോടെയാണ് നാമത് ഇന്നത്തേയ്ക്ക്, ദൈവത്തിന്റെ ഇന്നിൽ ചോദിക്കുന്നത്. വരാനിരിക്കുന്ന രാജ്യത്തിലെ വിരുന്നിന്റെ മുന്നോടിയായ ദിവ്യബലിയിലാണ് നമുക്കത് പ്രധാനമായും നൽകപ്പെടുന്നത്.

***ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ എന്ന് എന്തുകൊണ്ട് നാം പറയുന്നു?***

നമ്മോട് ക്ഷമിക്കണമെന്ന് പിതാവായ ദൈവത്തോട് ആവശ്യപ്പെട്ടുകൊണ്ട്, അവിടുത്തെ മുമ്പിൽ പാപികളായി നാം നമ്മെത്തന്നെ അംഗീകരിക്കുന്നു. അതേസമയം അവിടുത്തെ കരുണ നാം ഏറ്റുപറയുകയും ചെയ്യുന്നു. എന്തെന്നാൽ അവിടുത്തെ പുത്രനിലൂടെയും കൂദാശകളിലൂടെയും *രക്ഷയും പാപങ്ങളുടെ മോചനവും നാം സ്വീകരിക്കുന്നു* (കൊളോ. 1:14). എന്നിരുന്നാലും നാം ആദ്യം നമ്മുടെ ഭാഗത്തുനിന്ന് ക്ഷമിച്ചുവെന്ന വ്യവസ്ഥയോടെ മാത്രമേ, നമ്മുടെ പ്രാർത്ഥന ശ്രവിക്കപ്പെടുകയുള്ളൂ.

***ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ എന്നത് എന്തർത്ഥമാക്കുന്നു?***

പ്രലോഭനങ്ങളോടുള്ള സമരത്തിൽ നമ്മെ ഒറ്റയ്ക്ക് ഉപേക്ഷിക്കരുതെന്ന് ദൈവപിതാവിനോട് നാം അപേക്ഷിക്കുന്നു. ഒരു വശത്ത് നന്മയിൽ വളർത്തുന്ന പരീക്ഷയെയും പാപമരണത്തിലേയ്ക്ക് നയിക്കുന്ന പ്രലോഭനത്തെയും തമ്മിലും, മറുവശത്ത് പ്രലോഭിതരാകുന്നതും പ്രലോഭനത്തിന് സമ്മതിക്കുന്നതും തമ്മിലും വിവേചിച്ച് അറിയുന്നതിന് നാം പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്നു. തന്റെ പ്രാർത്ഥനകൊണ്ട് പ്രലോഭനങ്ങളെ ജയിച്ച യേശുവുമായി പ്രാർത്ഥന നമ്മെ ഒന്നിപ്പിക്കുന്നുണ്ട്. ജാഗ്രതയുടെയും അന്ത്യംവരെ നിലനിൽക്കുന്നതിന്റെയും കൃപ അത് നമുക്കു നൽകുകയും ചെയ്യുന്നു.

***തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രാർത്ഥന അവസാനിപ്പിക്കുന്നതെന്തുകൊണ്ട്?***

ദൈവത്തെ എതിർക്കുന്ന, സർവ്വലോകത്തെയും വഞ്ചിക്കുന്ന, ഭൂമിക്ക് മുഴുവൻ പ്രലോഭകനായ (വെളി.12:9) സാത്താനെന്ന വ്യക്തിയെയാണ് തിന്മ സൂചിപ്പിക്കുന്നത്. അവന്റെമേലുള്ള വിജയം യേശു നേടിക്കഴിഞ്ഞു. എന്നാൽ സാത്താനിൽ നിന്നും അവന്റെ പ്രവർത്തനങ്ങളിൽ നിന്നും മനുഷ്യകുടുംബം വിമോചിതമാകുന്നതിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്. കൂടാതെ സമാധാനമെന്ന അമൂല്യദാനത്തിനായും അന്തിമമായി തിന്മയിൽ നിന്ന് മോചിപ്പിക്കുന്ന ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ നിലനിൽക്കുന്ന പ്രത്യാശയുടെ കൃപയ്ക്കായും നാം പ്രാർത്ഥിക്കുന്നു.

***അന്തിമമായ ആമ്മേൻ എന്തർത്ഥമാക്കുന്നു?***

*പ്രാർത്ഥനയുടെ അവസാനം നീ പറയുന്നു: ആമ്മേൻ. അതിന്റെ അർത്ഥം അങ്ങനെയായിരിക്കട്ടെ എന്നാണ്. അതുവഴി ദൈവം പഠിപ്പിച്ച പ്രാർത്ഥനയിലെ എല്ലാ ഉള്ളടക്കങ്ങളെയും ആമ്മേൻ കൊണ്ട് നീ അടിവരയിടുന്നു*-ജറുസലേമിലെ വിശുദ്ധ സിറിൾ.

(സമാപിച്ചു)

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only